**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3199</u>** **<u>04-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പാലമേലിനെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം വള്ളിക്കുന്നം, നൂറനാട്, തഴക്കര, താമരക്കുളം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. അവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു. തഴക്കര കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം ഉം, എൽ.എസ്.ജി.ഡി.യും മുഖേന അനുവദിച്ച (15.5 + 22.5) 38 ലക്ഷം രൂപ ഉപയോഗിച്ച് യോഗാറൂം, പാലിയേറ്റീവ്, ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് കെട്ടിടം എന്നിവ പണികഴിപ്പിച്ചു. എം.എൽ.എ ഫണ്ട് മുഖേന 57 ലക്ഷം രൂപ ഒ.പി, വെയ്റ്റിംഗ് ഏരിയ, ഒബ്സർ വേഷൻ റൂം, നേഴ്സിംഗ് സ്റ്റേഷൻ, ലാബ് എന്നിവയ്ക്കായി ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതാണ്. ലാബ് മുതലായവയ്ക്ക് കെട്ടിടം ലഭ്യമല്ലാത്തതിനാൽ പൂർണ്ണതോതിൽ കുടുംബാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നൂറനാട് കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം ന്റേയും എൽ.എസ്.ജി.ഡിയുടേയും ഫണ്ടായ (16+2) 18 ലക്ഷം രൂപ ചെലവിൽ ഒ.പി ബ്ലോക്ക് കെട്ടിടം പണി ആരംഭിച്ചു. എം.എൽ.എ ഫണ്ട് 48 ലക്ഷം രൂപ ചെലവിൽ ലാബ്. ഫാർമസി, സ്റ്റോർ, ഇമ്മ്യൂണൈസേഷൻ എന്നിവക്കുള്ള കെട്ടിടം പൂർത്തിയാക്കുന്ന മുറയ്ക്ക് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്. പാലമേൽ കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം ഫണ്ട് 8 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രമാക്കി. താമരകുളം കുടുംബാരോഗ്യകേന്ദ്രം എൻ.എച്ച്.എം ഫണ്ട് 18 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം അറ്റകുറ്റപ്പണി പൂർത്തീകരിച്ചു. വള്ളിക്കുന്നം കുടുംബാരോഗ്യ കേന്ദ്രം എൻ.എച്ച്.എം ന്റേയും എൽ.എസ്.ജിഡിയുടേയും ഫണ്ടായ (15+15) 30 ലക്ഷം രൂപ ഉപയോഗിച്ച് കെട്ടിടം അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. എം.എൽ.എ ഫണ്ട് 35 ലക്ഷം രൂപ ഉപയോഗിച്ച് ഒ.പി ബ്ലോക്ക് പി.ഡബ്ല്യൂ.ഡി മുഖാന്തിരം വർക്ക് പൂർത്തീകരിച്ചു. കുടുംബാരോഗ്യ കേന്ദ്രം ആയി പൂർണ്ണതോതിൽ പ്രവർത്തിക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സർക്കാർ ഉത്തരവ് (ആർ.റ്റി) നം.1555/2021/ ആ.കു.വ, തീയതി 26.07.2021 പ്രകാരം ഒരു അസംബ്ലി മണ്ഡലത്തിൽ ഒന്ന് വീതം ആരോഗ്യ സ്ഥാപനത്തെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം കുടുംബാരോഗ്യകേന്ദ്രത്തെ ആണ് തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | പ്രസ്തുത ഐസൊലേഷൻ വാർഡിലെ സജ്ജീകരണങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ? | (സി) | മേൽ യൂണിറ്റിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡ്, അടിയന്തിര ചികിത്സക്കുള്ള റെസെഷൻ യൂണിറ്റ്, നഴ്സിംഗ് യൂണിറ്റ്, ഡോക്ടർ കൺസൾട്ടേഷൻ റൂം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിഭാവനം ചെയ്യുന്നു. ഏതൊരു അടിയന്തിര സാഹചര്യത്തേയും നേരിടുന്നതിന് ഇടതടവില്ലാതെയുള്ള ഓക്സിജൻ സംവിധാനവും സക്ഷൻ സംവിധാനവും ടി യൂണിറ്റിൽ ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ